1. ഘാന, ട്രിനിഡാഡ് & ടൊബാഗോ പര്യടനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി അർജന്റീനയിലെത്തി. അർജന്റീന പ്രസിഡന്റ് ജാവിയർ മിലിയുമായി ഇന്ന് കൂടിക്കാഴ്ച നടത്തും.

   **PM Modi arrives in Argentina after successful visit to Ghana, Trinidad & Tobago; PM will meet president Javier Milei today.**

2. ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടക്കുന്ന പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   **PM Modi to attend 17th BRICS summit in Rio De Janeiro, Brazil.**

3. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ കേരളത്തിൽ.

   **Vice President Jagdeep Dhankhar to visit Kerala tomorrow for two-day tour.**

4. ആയുഷ്മാൻ ഭാരത് പദ്ധതിയിലൂടെ രാജ്യത്തെ സാധാരണക്കാർക്ക് മികച്ച ചികിത്സ സൗകര്യങ്ങൾ ലഭിക്കുന്നതായി കേന്ദ്ര സഹമന്ത്രി എൽ.മുരുകൻ.

   **MoS L. Murugan says Ayushman Bharat Scheme ensures quality healthcare for common people.**

5. കേരളത്തിൽ നിപ വ്യാപനത്തിനെതിരെ ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്. കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ നിയന്ത്രണങ്ങൾ ശക്തം.

**Health department tightens vigil against Nipah outbreak in Kerala; Restrictions strengthened in Kozhikode, Malappuram, and Palakkad districts.**

6. അതിതീവ്ര മഴ തുടരുന്ന ഹിമാചൽ പ്രദേശിലെ ഉൾപ്പടെ സ്ഥിതിഗതികൾ വിലയിരുത്തി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ; കേരളത്തിൽ ഇന്ന് എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം.

**Union Home Minister Amit Shah reviews situation amid relentless rain in Himachal Pradesh; Yellow alert issued in eight districts in Kerala today.**

**********************************

## HEADLINE-1

## PM-ARGENTINA VISIT

ഘാന, ട്രിനിഡാഡ് & ടൊബാഗോ പര്യടനം വിജയകരമായി പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് ഐറിസിലെത്തി. 57 വർഷത്തിനിടെ ഇന്ത്യൻ പ്രധാനമന്ത്രിയുടെ അർജന്റീനയിലേക്കുള്ള ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്. അർജന്റീനയുമായുള്ള തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് പ്രധാനമന്ത്രി ഇന്ന് വൈകുന്നേരം അർജന്റീന പ്രസിഡന്റ് ജാവിയർ മിലിയുമായി കൂടിക്കാഴ്ച നടത്തും.

******************************

## HEADLINE-2

## PM BRICS SUMMIT

ബ്രസീലിലെ റിയോ ഡി ജനീറോയിൽ നാളെയും മറ്റന്നാളുമായി നടക്കുന്ന പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. ഉച്ചകോടിക്ക് ശേഷം പ്രധാനമന്ത്രി ബ്രസീലിയൻ തലസ്ഥാനമായ ബ്രസീലിയ സന്ദർശിക്കും. ഏകദേശം ആറ് പതിറ്റാണ്ടിനു ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രസീലിയയിൽ എത്തുന്നത്. ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും.

*******************************

### HEADLINE-3

## VP - KERALA

രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ കേരളത്തിൽ എത്തും. തിങ്കളാഴ്ച അദ്ദേഹം ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. സന്ദർശനത്തോട് അനുബന്ധിച്ച് തിങ്കളാഴ്ച രാവിലെ എട്ടുമുതൽ പത്തുവരെ ക്ഷേത്രത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. പിന്നീട്, കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായും ഉപരാഷ്ട്രപതി സംവദിക്കും.

*******************************

### HEADLINE-4

## L MURUGAN

മെഡിക്കൽ ടൂറിസത്തിന്റെ അടക്കം പ്രധാന കേന്ദ്രമായി ദക്ഷിണേന്ത്യ വളർന്നു കൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ.മുരുകൻ. ആയുഷ്മാൻ ഭാരത് പദ്ധതിയിലൂടെ സാധാരണക്കാർക്ക് മികച്ച ചികിത്സ സൗകര്യങ്ങളാണ് ലഭ്യമാകുന്നതെന്ന് അദ്ദേഹം പറഞ്ഞു. കഴക്കൂട്ടം അൽ-സാജ് കൺവെൻഷൻ സെന്ററിൽ

സംഘടിപ്പിച്ച ശ്രീ ഉത്രാടം തിരുന്നാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെ 14-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 10 വർഷം കൊണ്ട് രാജ്യത്തെ മെഡിക്കൽ കോളേജുകളുടെ എണ്ണം 776 ആയെന്നും ആത്മനിർഭർ ഭാരതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കോവിഡ് വാക്സിനേഷൻ എന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു. കേന്ദ്രസഹമന്ത്രി നാളെ ചെന്നൈയിലേയ്ക്ക് മടങ്ങും.

******************************

## HEADLINE-5

# VEENA GEORGE - NIPAH

കേരളത്തിൽ വീണ്ടും നിപ സ്ഥിരീകരിച്ചതോടെ ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്. കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. സംസ്ഥാന, ജില്ലാതല കൺട്രോൾ റൂമുകൾ തുറക്കുകയും ആശുപത്രികളിൽ പ്രത്യേക സജീകരണങ്ങൾ ഒരുക്കുകയും ചെയ്തു. രോഗം സ്ഥിരീകരിച്ച പാലക്കാട് സ്വദേശിയായ യുവതി ചികിത്സയിലാണ്. ആകെ 345 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ഉള്ളത്. മലപ്പുറത്ത് 211 പേരും പാലക്കാട് 91 പേരും കോഴിക്കോട് 43 പേരുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്. കോഴിക്കോട് സമ്പർക്കപ്പട്ടികയിൽ ഉള്ളവർ ആരോഗ്യ പ്രവർത്തകരാണ്.

******************************

## HEADLINE-5a

# PALAKKAD - NIPPAH (INTRO)

നിപ്പ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര, കരിമ്പുഴ പഞ്ചായത്തുകളിൽ നിയന്ത്രണങ്ങൾ നിലവിൽ വന്നു. പ്രദേശത്തെ 3 കിലോമീറ്റർ ചുറ്റളവിൽ 6 വാർഡുകൾ കണ്ടെയ്ൻമെന്റ് സോണായി

പ്രഖ്യാപിച്ചു. ഇവിടങ്ങളിലേക്കുള്ള റോഡുകൾ അടച്ച് പുറത്തു നിന്നുള്ളവരുടെ പ്രവേശനത്തിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തി.

**വിശദാംശങ്ങളുമായി ആകാശവാണി പാല ക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

(വോയിസ്)

*******************************

# KOZHIKODE NIPAH

കോഴിക്കോട്, നിപയുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിന് പ്രത്യേക കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. രാവിലെ ഒമ്പത് മണി മുതൽ വൈകീട്ട് അഞ്ച് മണിവരെ കൺട്രോൾ റൂം നമ്പറായ 0495 - 23 73 90 3 ൽ വിളിക്കാവുന്നതാണ്. നമ്പർ ഒരിക്കൽ കൂടി: 0495 - 23 73 90 3. ജില്ലയിലെ സ്വകാര്യ ആശുപത്രിയിൽ മരിച്ച രോഗി നിപ ബാധിതയാണെന്ന് പ്രാഥമിക പരിശോധനയിൽ തെളിഞ്ഞിരുന്നു. പൊതുജനങ്ങളുമായി സമ്പർക്കത്തിൽ വന്നിട്ടില്ലാത്തതിനാൽ ആശങ്കപ്പെടേണ്ടെന്ന് DMO അറിയിച്ചു.

*******************************

# K RAJAN-WAYANAD

വയനാട് പുനരധിവാസത്തിന്റെ ഭാഗമായി കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റിൽ നിർമ്മിക്കുന്ന ടൗൺഷിപ്പിലെ മാതൃകാ വീടിന്റെ നിർമ്മാണം രണ്ടാഴ്ചക്കുള്ളിൽ പൂർത്തിയാക്കുമെന്ന് റവന്യു മന്ത്രി കെ രാജൻ. ബാക്കിയുള്ള 410 വീടുകളുടെ നിർമ്മാണവും പുരോഗമിക്കുകയാണ്. രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ സ്ഥലമൊരുക്കലും തുടരുകയാണെന്ന് പ്രദേശം സന്ദർശിച്ച റവന്യൂ മന്ത്രി പറഞ്ഞു.

*******************************

## INTERNATIONAL CO-OPERATIVES DAY

ഇന്ന് അന്തർദേശീയ സഹകരണദിനം. സഹകരണ സംഘങ്ങളെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം വർധിപ്പിക്കുക, അതിന്റെ മികച്ച മാതൃകകൾ, ജനസമക്ഷം എത്തിക്കുക എന്നതാണ് ദിനാചരണത്തിൻറെ ലക്ഷ്യം. കേരളത്തിലെ ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ അങ്കമാലിയിൽ നിർവഹിച്ചു.

*******************************

### HEADLINE-6

## AMIT SHAH - CHIEF MINISTERS

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ ഗുജറാത്ത്, ഹിമാചൽ പ്രദേശ്, രാജസ്ഥാൻ, ഉത്തരാഖണ്ഡ്, ഛത്തീസ്ഗഡ് മുഖ്യമന്ത്രിമാരുമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആശയവിനിമയം നടത്തി. ഈ സംസ്ഥാനങ്ങളിൽ ആവശ്യത്തിന് എൻഡിആർഎഫ് സംഘങ്ങളെ വിന്യസിച്ചിട്ടുണ്ടെന്നും ആവശ്യമെങ്കിൽ കൂടുതൽ ക്രമീകരണം ഏർപ്പെടുത്തുമെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി അറിയിച്ചു.

*******************************

### HEADLINE-6a

## HP-WEATHER

അതേസമയം, ഹിമാചൽ പ്രദേശിൽ ബുധനാഴ്ച വരെ അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലയോര മേഖലകളിൽ മേഘവിസ്ഫോടനങ്ങളും മണ്ണിടിച്ചിലും ഉണ്ടാകാൻ സാധ്യതയുണ്ട്. മലയോര മേഖകളിലേക്കുള്ള അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്നും നദികളിൽ ഇറങ്ങരുതെന്നും സംസ്ഥാന സർക്കാർ മുന്നറിയിപ്പ് നൽകി.

മഴക്കെടുതികളിൽ ഹിമാചൽ പ്രദേശിൽ ഇതുവരെ 69 പേരാണ് മരിച്ചത്.

*******************************

HEADLINE-6b

## IMD RAIN

ഛത്തീസ്ഗഢ്, തീരദേശ കർണാടക, പശ്ചിമ ബംഗാൾ, ഗുജറാത്ത്, രാജസ്ഥാൻ എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് വയനാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദേശം നൽകി.

*******************************

## PIYUSH GOYAL (INTRO)

വ്യാപാര കരാറുകൾ സംബന്ധിച്ച് സ്വന്തം നിബന്ധനകൾ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ മാത്രമേ ഇന്ത്യ നടത്താറുള്ളുവെന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ. സമയക്രമം അടിസ്ഥാനമാക്കിയുള്ള വ്യാപാര കരാർ ചർച്ചകൾ ഇന്ത്യ ഒരിക്കലും അംഗീകരിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. അമേരിക്കയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

*******************************

## NT CRICKET-IND-ENG

ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരായ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും. മൂന്നാം

ദിനമായ ഇന്നലെ കളി അവസാനിക്കുമ്പോൾ ഇന്ത്യ ഒരു വിക്കറ്റിന് 64 റൺ എന്ന നിലയിലാണ്. കെഎൽ രാഹുലും കരുൺ നായരുമാണ് ക്രീസിൽ. ഇംഗ്ലണ്ടിന്റെ ആദ്യ ഇന്നിംഗ്സ് 407-ന് അവസാനിച്ചതോടെ 180 റൺസിന്റെ ഒന്നാം ഇന്നിംഗ്സ് ലീഡും ഇന്ത്യയ്ക്കുണ്ട്.

*******************************

## ASIAN CUP FOOTBALL

വനിതാ ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യത ലക്ഷ്യമിട്ട് ഇന്ത്യ ഇന്ന് തായ് ലാൻഡിനെ നേരിടും. തായ് ലാൻഡിലെ ചിയാങ് മായ് സ്റ്റേഡിയത്തിൽ വൈകിട്ട് ആറിനാണ് മത്സരം.

*******************************

## BADMINTON - CANADA OPEN

കാനഡ ഓപ്പൺ സൂപ്പർ 300 ബാഡ്മിന്റൺ ടൂർണമെന്റ് പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ കിദംബി ശ്രീകാന്ത് സെമിഫൈനലിൽ പ്രവേശിച്ചു. ചൈനീസ് തായ്പേയ് താരത്തെ പരാജയപ്പെടുത്തിയാണ് ശ്രീകാന്ത് സെമിയിൽ കടന്നത്. ഇന്ന് രാത്രി നടക്കുന്ന സെമിഫൈനലിൽ ശ്രീകാന്ത് ജപ്പാൻ താരത്തെ നേരിടും.

*******************************

## PM-UP EX GRATIA

ഉത്തർപ്രദേശിലെ സംഭാൽ ജില്ലയിലുണ്ടായ വാഹനാപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അതീവ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ സഹായ നിധിയിൽ നിന്ന് 2 ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകും. മീററ്റ്-ബദൗൺ ഹൈവേയിൽ ഇന്നലെ വിവാഹപാർട്ടി സഞ്ചരിച്ചിരുന്ന കാർ അപകടത്തിൽ പെട്ട് വരൻ ഉൾപ്പെടെ അഞ്ച് പേരാണ് മരിച്ചത്.

*******************************

# DAY- BAHUDA YATRA-PURI

ഒഡീഷയിലെ പുരിയിൽ പ്രശസ്തമായ ബഹുദ യാത്ര പുരോഗമിക്കുന്നു. 'തിരിച്ചുവരവ് രഥോത്സവം' എന്നർഥം വരുന്ന ബഹുദ യാത്ര, രഥയാത്രാ ഉത്സവത്തിൻറെ ഒമ്പതാം ദിവസമാണ് നടക്കുന്നത്. പുരിയിലെ പ്രധാന തെരുവുകളിലൂടെയുള്ള യാത്രയിൽ ലക്ഷക്കണക്കിന് ഭക്തർ ഒത്തുചേരും. ജനത്തിരക്ക് കണക്കിലെടുത്ത് വൻ സുരക്ഷാക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

*

****************

**********************************************